**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4122** **28-10-2021 - ൽ മറുപടിയ്ക്ക്**

**കാഞ്ഞങ്ങാട് മണ്ഡലത്തിലെ ആസ്തിവികസന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ആസ്തിവികസന പദ്ധതി പ്രകാരം കാഞ്ഞങ്ങാട് മണ്ഡലത്തിൽ പൂർത്തീകരിച്ച പദ്ധതികളിൽ 2016 മുതൽ നാളിതുവരെ ടെൻഡർ സേവിങ്സ് ഇനത്തിൽ ഓരോ വർഷത്തിലും ബാക്കി നിൽക്കുന്ന തുക എത്രയാണെന്ന് അറിയിക്കുമോ; | (എ) | 2017-18 സാമ്പത്തിക വർഷം മുതലാണ് ടെണ്ടർ സേവിംഗ്സിന് പ്രാബല്യമുള്ളത്.ജില്ലാ ഭരണകൂടത്തിൽ നിന്നും ലഭ്യമാക്കിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ 2017-2018 സാമ്പത്തികവർഷം മുതൽ ആസ്തിവികസന ഫണ്ടുപയോഗിച്ച് ഭരണാനുമതി ലഭിച്ച് നടപ്പിലാക്കിയ പ്രവൃത്തികളുടെ നിലവിൽ ബാക്കി നിൽക്കുന്ന ടെണ്ടർ സേവിംഗ്സ് തുക ഇനി പറയുന്നവയാണ്. 2017-18 – Rs.76,73,318/- 2018-19 – Rs.68,91,355/- 2019-20 – Rs.24,93,346/- 2020-21 – Rs.15,56,908/- എന്നാൽ ഇത് അതാത് സാമ്പത്തിക വർഷത്തിലെ മുഴുവൻ പ്രവൃത്തികളും പൂർത്തീകരിച്ച് Final Bill Paymentന് ശേഷമുള്ള ടെൻഡർ സേവിംഗ്സ് തുകയല്ല .Agreed PAC അടിസ്ഥാനമാക്കിയുള്ളതാണ്. ആയതിനാൽ ഇത് Final ടെൻഡർ സേവിംഗ്സ് തുകയായി കണക്കാക്കാനാവില്ല. മുഴുവൻ പ്രവൃത്തികളും പൂർത്തിയാകുന്ന മുറയ്ക്ക് ടെൻഡർ സേവിംഗ്സ് തുകയിൽ മാറ്റം വന്നേക്കാം. |
| (ബി) | എം.എൽ.എ മാർക്ക് അനുവദിച്ച വിവിധതരം ഫണ്ടുകൾ ഉപയോഗിച്ച് പ്രസ്തുത മണ്ഡലത്തിലെ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളും ക്രമീകരണങ്ങളുമാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കുമോ; | (ബി) | വിവിധ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി കാലാകാലങ്ങളിൽ സർക്കാർ തലത്തിൽ ഇറക്കുന്ന ഉത്തരവുകൾ എല്ലാം തന്നെ എം.എൽ.എ മാർക്ക് അനുവദിച്ച വിവിധ തരം ഫണ്ടുകൾ ഉപയോഗിച്ച് പ്രസ്തുത മണ്ഡലത്തിലെ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ബാധകമാണ്. |
| (സി) | പ്രസ്തുത മണ്ഡലത്തിലെ വിവിധ ഇനം പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിന് എല്ലാ മാസവും അവലോകന യോഗങ്ങൾ ചേരുന്നതിന് ജില്ലാ കലക്ടർമാർക്ക് നിർദ്ദേശം നല്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ? | (സി) | ഓരോ വർഷവും അനുവദിക്കുന്ന പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിനും അവലോകനം ചെയ്യുന്നതിനുമായി ആവശ്യമായ ഡെലിഗേഷൻ ജില്ലാ കളക്ടർമാർ തങ്ങളുടെ കീഴുദ്യോഗസ്ഥൻമാർക്ക് നൽകി ഉത്തരവ് പുറപ്പെടുവിക്കേണ്ടതും ആയത് |

| | | | |
|---|---|---|---|
| | | | കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. |

സെക്ഷൻ ഓഫീസർ